# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6118. 07-11-2016 ൽ മറുപടിയ്ക്ക്

## നെൽകൃഷി വ്യാപിപ്പിക്കുന്നതിന് തൊഴിൽസേനകളുടെ സഹായം

**ചോദ്യം**
ശ്രീ.മഞ്ഞളാംകുഴി അലി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി വ്യാപനം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഏതെല്ലാം തൊഴിൽ സേനകളുടെ സഹായമാണ് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്; | (എ) | തൊഴിലാളികളുടെ ലഭ്യതയും യന്ത്രവൽക്കരണവും ഉറപ്പുവരുത്തുന്നതിലേക്കായി സംസ്ഥാന തലത്തിൽ 64 അഗ്രോസർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മിതമായ വാടകയ്ക്ക് യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കിവരുന്നു. പഞ്ചായത്തുതലത്തിൽ 200 കർമ്മസേനകൾ രൂപീകരിക്കുകയും അതിൽ 100 കർമ്മസേനകൾക്ക് 9 ലക്ഷം രൂപക്കുള്ള യന്ത്രോപകരണങ്ങൾ ലഭ്യമാക്കുകയും 100 കർമ്മസേനകൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കർമ്മസേനകൾക്ക് നൽകിയിട്ടുള്ള പരിശീലനവും യന്ത്രോപകരണങ്ങളും ഉപയോഗപ്പെടുത്തി ഓരോ പഞ്ചായത്തിലേയും കാർഷിക മേഖലയിലെ സാധ്യതകൾ ഉൾകൊണ്ടുകൊണ്ട് വിവിധ കാർഷിക പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലമൊരുക്കൽ, വിത്ത് വിതക്കൽ, കളനിയന്ത്രണം, തടം തുറക്കൽ, വിളവെടുപ്പ്, പാഴ് മരങ്ങൾ മുറിക്കൽ, തരിശുനിലം കൃഷിയോഗ്യമാക്കൽ, കീടരോഗ നിയന്ത്രണം തുടങ്ങി കാർഷിക മേഖലയിലെ എല്ലാ പ്രവർത്തനങ്ങളും കാർഷിക കർമ്മസേനകൾ നടത്തി വരുന്നു. ഇക്കോ ഷോപ്പുകൾ, പച്ചക്കറി ചന്ത, ജൈവവള-കീടനാശിനി ഉൽപ്പാദനം തുടങ്ങിയ നൂതന പ്രവർത്തനങ്ങളും കർമ്മ സേനകൾ വഴി ആരംഭിച്ചിട്ടുണ്ട്. കാർഷിക കർമ്മ |

| | | | |
|---|---|---|---|
| | | | സേനകളുടെയും അഗ്രോസർവ്വീസ് സെന്ററുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സംസ്ഥാന തലത്തിൽ വ്യാപകമായി പരിശീലനം സിദ്ധിച്ച കർമ്മ സേനകളുണ്ടാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ഒരു നോഡൽ ഓഫീസറെ നിയമിക്കുന്നതാണ്. |
| (ബി) | കരനെൽകൃഷി വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; കരനെൽകൃഷി ചെയ്യുന്നവർക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാണോ; ഇല്ലെങ്കിൽ ഇത്തരം കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്ത് സഹായമാണ് നൽകി വരുന്നത്? | (ബി) | കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600/- രൂപ ധനസഹായം നൽകി പദ്ധതി നടപ്പിലാക്കുന്നു ഇതിലേക്കായി (2560 ഹെക്ടർ) 348.16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കരനെൽകൃഷി ചെയ്യുന്നവർക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ